# ശരീഅത്തിന്റെ ആത്മാവ്

**ഇന്ത്യയിൽ** നടപ്പിലുള്ള മുസ്‌ലിം വ്യക്തിനിയമത്തിൽ ചില പരിഷ്കരണങ്ങൾ ആവശ്യമാണെന്ന് സമുദായം പൊതുവിൽ മനസ്സിലാക്കുന്നുണ്ട്. വ്യക്തിനിയമ സംരക്ഷണാർഥം രൂപീകൃതമായതും രാജ്യത്തെ മുഖ്യ ഇസ്‌ലാമിക സംഘടനകൾക്കെല്ലാം പ്രാതിനിധ്യമുള്ളതുമായ പേഴ്സനൽ ലോ ബോർഡുതന്നെ ഇക്കാര്യം പഠിച്ച് നിർദേശങ്ങളവതരിപ്പിക്കാൻ ഒരു പണ്ഡിത സംഘത്തെ നിയോഗിച്ചിരിക്കുന്നു. കേരളത്തിലെ ഒരഭിഭാഷക സംഘടനയായ 'ജസ്റ്റീഷ്യ'യും ഈ വിഷയം ഗൗരവപൂർവം ചർച്ച ചെയ്തുവരുന്നുണ്ട്. അതിന്റെ ഭാഗമായിരുന്നു ജൂലൈ 25-ന് കോഴിക്കോട്ട് സംഘടിപ്പിക്കപ്പെട്ട 'സെമിനാർ ഓൺ പേഴ്സനൽ ലോ.' പ്രമുഖരായ അഭിഭാഷകരോടൊപ്പം കേരളത്തിലെ പ്രധാനപ്പെട്ട മതസംഘടനാ നേതാക്കളുടെ കൂടി പങ്കാളിത്തം കൊണ്ട് ഈ സെമിനാർ ഏറെ ശ്രദ്ധേയമായി. വ്യക്തിനിയമം പോലുള്ള വിഷയങ്ങൾ ചർച്ച ചെയ്യേണ്ടത് തീർച്ചയായും നിയമജ്ഞന്മാരും എല്ലാവിഭാഗത്തിലും പെട്ട പണ്ഡിതന്മാരും ഒരുമിച്ചിരുന്ന് തന്നെയാണ്. ഏകകണ്ഠമായ തീരുമാനം പെട്ടെന്നൊന്നും പ്രതീക്ഷിക്കേണ്ടതില്ല. ഭിന്ന വീക്ഷണങ്ങൾ പുലർത്തുന്ന പണ്ഡിതന്മാർ ഒരേ വേദിയിലിരുന്ന് വിഷയം ചർച്ച ചെയ്യാൻ തയാറായി എന്നതുതന്നെ വലിയ നേട്ടമാണ്. ഇത്തരം കൂടിച്ചേരലുകൾ ആവർത്തിക്കുമ്പോൾ സമവായമുള്ള നിർദേശങ്ങൾ സാവകാശം ഉരുത്തിരിഞ്ഞു വരുമെന്ന് പ്രതീക്ഷിക്കാം.

സെമിനാർ ഉദ്ഘാടനം ചെയ്ത കേരള ഹൈക്കോടതി ജഡ്ജ് ഹാറൂൻ റശീദ് ബഹുഭാര്യാത്വം, വിവാഹമോചനം, കുടുംബകലഹം, മുസ്‌ലിം സമുദായത്തിൽ വളർന്നുവരുന്ന ക്രിമിനലിസം തുടങ്ങിയ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം കാണാൻ ഓരോ പ്രദേശത്തും മഹല്ലടിസ്ഥാനത്തിൽ സംവിധാനമുണ്ടാകേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചു. *പ്രബോധനം* നേരത്തെ പലവട്ടം സമുദായത്തെ ഉണർത്തിയിട്ടുള്ളതാണിക്കാര്യം. സമുന്നതരായ നേതാക്കളുടെയും പണ്ഡിതന്മാരുടെയും മുന്നിൽ ജസ്റ്റിസ് ഹാറൂൻ റശീദ് ഉന്നയിച്ച നിർദേശത്തോട് അവർ ക്രിയാത്മകമായി പ്രതികരിച്ചെങ്കിൽ എന്നാശിക്കുകയാണ് ഞങ്ങൾ.

മുസ്‌ലിം വ്യക്തിനിയമത്തിലെ വിവാഹമോചന വ്യവസ്ഥകളായിരുന്നു ഈ സെമിനാറിന്റെ വിഷയം. നിലവിലുള്ള സമ്പ്രദായത്തിൽ പരിഷ്കരണം വേണമെന്ന കാര്യത്തിൽ തർക്കമുണ്ടായില്ല. ഇസ്‌ലാമിക ശരീഅത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിലധിഷ്ഠിതമായ പരിഷ്കരണമാണ് വേണ്ടതെന്ന കാര്യത്തിലും എല്ലാവരും യോജിക്കുന്നു. പക്ഷേ, മദ്ഹബ് പിന്തുടരേണ്ടതനിവാര്യമാണെന്ന് കരുതുന്നവരുടെ നിലപാട്, അംഗീകൃത കർമശാസ്ത്ര സരണിയുടെ പരിധിക്കകത്തുനിന്നുകൊണ്ടുള്ള പരിഷ്കരണമേ ആകാവൂ എന്നാണ്. എല്ലാ ശരീഅത്തു നിയമങ്ങളും ഖുർആനിൽനിന്നും സുന്നത്തിൽനിന്നും നേരിട്ടു നിർധാരണം ചെയ്യണമെന്നാണ് മദ്ഹബുകൾക്കതീതമായി ചിന്തിക്കുന്നവർ കരുതുന്നത്. കേരളത്തിൽ പ്രബലമായ കർമശാസ്ത്ര സരണി ശാഫിഈ മദ്ഹബാണെങ്കിൽ ഉത്തരേന്ത്യയിൽ പ്രാമുഖ്യമുള്ളത് ഹനഫീ മദ്ഹബിനാണ്. രണ്ടു മദ്ഹബുകളും തമ്മിൽ പല കാര്യങ്ങളിലും ഭിന്നതയുണ്ട്. ഈ സാഹചര്യം മദ്ഹബിന്റെ പരിധിക്കകത്തുനിന്നുകൊണ്ടുള്ള പരിഷ്കരണം പോലും സങ്കീർണമാക്കുന്നു.

ശരീഅത്ത് എന്നാൽ മാർഗമെന്നാണർഥം. നൈതിക മൂല്യങ്ങൾ സാക്ഷാത്കരിക്കാനുള്ള ഉപകരണങ്ങളാണ് ശരീഅത്ത് നിയമങ്ങൾ. സ്ഥായിയായി നിലനിർത്തപ്പെടേണ്ടതും നിവർത്തിക്കപ്പെടേണ്ടതും നൈതിക മൂല്യങ്ങളാണ്. അതാണ് അല്ലാഹു കൽപിക്കുന്നതും. "തീർച്ചയായും അല്ലാഹു കൽപിക്കുന്നത് നീതിയും നന്മയുമാകുന്നു" (16:90). വിശ്വാസികളോട് നടപ്പിലാക്കാനും നിലനിർത്താനും കൽപിച്ചിട്ടുള്ളതും നീതിയും ധർമവും തന്നെ. "നിങ്ങൾ നീതി പാലിക്കുവിൻ, അതാണ് ദൈവഭക്തിക്കിണങ്ങുന്നത്" (5:8). "ജനങ്ങൾക്കിടയിൽ വിധിക്കുമ്പോൾ നീതിപൂർവം വിധിക്കുവിൻ" (4:58). "സംസാരിക്കുമ്പോൾ നീതിപൂർവം സംസാരിക്കുവിൻ, അത് സ്വന്തക്കാർക്കും ബന്ധുക്കൾക്കും പ്രതികൂലമാകുമെങ്കിലും" (6:152). "നമസ്കാരം നിലനിർത്തുക, ധർമം കൽപിക്കുക, അധർമം വിലക്കുക" (31:17). ജനങ്ങൾക്കുവേണ്ടി എഴുന്നേൽപിക്കപ്പെട്ട ഉത്തമസമുദായമാണ് നിങ്ങൾ, ധർമം കൽപിക്കുകയും അധർമം വിലക്കുകയുമാണ് നിങ്ങളുടെ ദൗത്യം"(3:110). ഇത്തരം സന്ദർഭങ്ങളിലെല്ലാം ഖുർആൻ പരാമർശിക്കുന്നത് നീതി, ധർമം, നന്മ തുടങ്ങിയ പൊതു മൂല്യങ്ങളാണ്. ഈ മൂല്യങ്ങൾ യാഥാർഥ്യവൽക്കരിക്കുന്നതിനുവേണ്ടി അനുശാസിക്കപ്പെട്ട നിയമങ്ങളും ചട്ടങ്ങളും തീർച്ചയായും ആദരണീയങ്ങളും അനുകരണീയങ്ങളും തന്നെ. പക്ഷേ നിയമത്തിന്റെ ബാഹ്യരൂപം സംരക്ഷിക്കാൻ വേണ്ടി നീതിയുടെ സാക്ഷാത്കാരമെന്ന അതിന്റെ ലക്ഷ്യത്തെ ബലികഴിച്ചുകൂടാ.

മനുഷ്യരുടെ ജീവിത സാഹചര്യങ്ങളിലും സമ്പ്രദായങ്ങളിലും ചിന്താരീതികളിലുമെല്ലാം കാലാന്തരേണ മാറ്റങ്ങളുണ്ടായിക്കൊണ്ടിരിക്കും. അത് നീതിയുടെ സംസ്ഥാപന നടപടികളിലും മാറ്റം ആവശ്യപ്പെട്ടുകൊണ്ടിരിക്കും. ആവശ്യമനുസരിച്ച് വികസിക്കാനുള്ള കഴിവാണ് ഇസ്‌ലാമിക ശരീഅത്തിന് നിത്യയൗവനം പ്രദാനം ചെയ്യുന്നത്. കാലത്തിന്റെ ചുവരെഴുത്ത് വായിക്കാൻ കൂട്ടാക്കാത്തവർക്ക് കാലത്തോടൊപ്പം സഞ്ചരിക്കാനാവില്ല. അവരെ കാലം ചരിത്രത്തിന്റെ ചവറ്റുകുട്ടയിലേക്കു തള്ളും. ശരീഅത്ത് സംരക്ഷിക്കാനുള്ള മാർഗം അതിനെ കാലത്തോടൊപ്പം സഞ്ചരിക്കാൻ പര്യാപ്തമാക്കുകയാണ്. അതിനുവേണ്ട കോപ്പുകൾ ശരീഅത്തിൽ തന്നെ ഉണ്ടുതാനും. "അല്ലാഹു നിങ്ങൾക്ക് എളുപ്പമാണുദ്ദേശിക്കുന്നത്, ക്ലേശം ഉദ്ദേശിക്കുന്നില്ല" (2:185). ഏതെങ്കിലും നിയമത്തിന്റെ പ്രയോഗം ജീവിതത്തിന് ദ്രോഹകരമായിത്തീരുമ്പോൾ അതിൽ ആവശ്യമായ മാറ്റം വരുത്താൻ മതിയായ പ്രമാണമാണിത്. ശരീഅത്തിന്റെ ലക്ഷ്യങ്ങളുടെ കൂട്ടത്തിൽ ക്ലേശമകറ്റലും (റഫ്ഉൽഹറജ്) പീഡനിവാരണവും (ദഫ്ഉദ്ദറർ) പൂർവസൂരികൾ നിർദേശിച്ചിട്ടുമുണ്ട്.

വിവാഹമോചനവും ബഹുഭാര്യാത്വവും ഇസ്‌ലാമിക ശരീഅത്ത് അനുവദിച്ച കാര്യങ്ങളാണ്. ഈ അനുവാദം മൗലികമായി നിഷേധിക്കപ്പെടാവതല്ല. വ്യക്തിയുടെയും സമൂഹത്തിന്റെയും ഉത്തമ താൽപര്യങ്ങളാണ് അതിന്റെ പ്രേരകം. രണ്ടനുവാദങ്ങളും പ്രയോജനപ്പെടുത്തുന്നവർ മറ്റുള്ളവരുടെ ന്യായമായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഹനിക്കുന്ന വിധത്തിൽ അവ പ്രയോഗിച്ചുകൂടെന്നും ഈ അനുവാദങ്ങൾ നൽകുന്ന പ്രമാണങ്ങൾ തന്നെ വ്യക്തമാക്കുന്നുണ്ട്. കേരളീയ സാഹചര്യത്തിൽ അന്യായമായ ബഹുഭാര്യാത്വവും വിവാഹമോചനവും മൂലം കഷ്ടതയനുഭവിക്കുന്ന ധാരാളം സ്ത്രീകളും കുട്ടികളുമുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. ബഹുഭാര്യാത്വവും അനിയന്ത്രിതമായ വിവാഹമോചനവും ആവശ്യമാകുന്ന സന്ദർഭങ്ങൾ സങ്കൽപിച്ച്, അതിലൂടെ മാത്രമല്ല ഇസ്‌ലാമിക പണ്ഡിതന്മാർ ഈ പ്രശ്നത്തെ സമീപിക്കേണ്ടത്; പ്രത്യുത അതിന്റെ ഇരകളായിത്തീരുന്ന അബലരായ സ്ത്രീകളുടെയും കുട്ടികളുടെയും കഷ്ടപ്പാടുകളിലൂടെയും വീക്ഷിക്കേണ്ടതാണ്. പ്രമാണങ്ങളുടെ അക്ഷരങ്ങളിലള്ളിപ്പിടിക്കുന്നതോ പൂർവിക ഫുഖഹാക്കളുടെ ഖൗലുകളുദ്ധരിക്കുന്നതോ ഈ കഷ്ടപ്പാടിനു പരിഹാരമാകുന്നില്ല. ഇന്നിന്റെ യാഥാർഥ്യങ്ങളെ ധീരമായി അഭിമുഖീകരിക്കുകയും, മർദിതരും പീഡിതരുമായ സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭിക്കും മട്ടിൽ നിയമങ്ങൾ ക്രമീകരിച്ചുകൊണ്ട് ശരീഅത്തിന്റെ നൈതികലക്ഷ്യം സാക്ഷാത്കരിക്കാൻ മുന്നോട്ടു വരികയുമാണ് മതപണ്ഡിതന്മാർ ചെയ്യേണ്ടത്. ■